**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5246** **21-03-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ സർവകലാശാലകൾക്ക് അഫിലിയേറ്റഡ് കോളേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ,<br>ശ്രീ. സജീവ് ജോസഫ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സ്വകാര്യ സർവകലാശാലകൾക്ക് അഫിലിയേറ്റഡ് കോളേജുകൾ സ്ഥാപിക്കാൻ സാധിക്കുമോ; വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ ( സ്ഥാപനവും നിയന്ത്രണവും) ബിൽ, 2025 സെക്ഷൻ 3 (3) പ്രകാരം ഇത്തരത്തിൽ സ്ഥാപിക്കപ്പെടുന്ന സ്വകാര്യ സർവകലാശാലയ്ക്ക് ഏതെങ്കിലും കോളേജിനെയോ സ്ഥാപനത്തെയോ അഫിലിയേറ്റ് ചെയ്യാനോ അംഗീകരിക്കാനോ അധികാരം ഉണ്ടായിരിക്കുന്നതല്ല . |
| (ബി) | സ്വകാര്യ സർവകലാശാലകൾക്ക് വിദേശത്ത് ഓഫ് ക്യാമ്പസ് സെന്ററുകളും പഠനകേന്ദ്രങ്ങളും തുറക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ നിലവിലെ നിയമത്തിൽ വ്യവസ്ഥ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് യു.ജി.സി. ഗൈഡ് ലൈന് അനുസൃതമാണോയെന്ന് വ്യക്തമാക്കുമോ; | (ബി) | സ്വകാര്യ സർവകലാശാലാ ബില്ലിലെ വ്യവസ്ഥകളനുസരിച്ച്, സംസ്ഥാനത്ത് ആരംഭിക്കാൻ പോകുന്ന സ്വകാര്യ സർവകലാശാലകൾക്ക് സംസ്ഥാനത്തിന് പുറത്തും രാജ്യത്തിന് പുറത്തും ഓഫ് കാമ്പസ് സെന്ററുകൾ, പഠനകേന്ദ്രങ്ങൾ മുതലായവ തുടങ്ങാവുന്നതാണ്. കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ ( സ്ഥാപനവും നിയന്ത്രണവും) ബിൽ, 2025 , സെക്ഷൻ 3 (1) പ്രകാരം 'യു.ജി.സി.യും ബന്ധപ്പെട്ട റെഗുലേറ്ററി ബോഡികളും അനുശാസിക്കുന്ന നിബന്ധനകൾക്ക് വിധേയമായി' സംസ്ഥാനത്തിന് പുറത്തും രാജ്യത്തിന് പുറത്തും ഓഫ്-കാമ്പസ് സെന്ററുകളും ഓഫ്-ഷോർ കാമ്പസുകളും പഠനകേന്ദ്രങ്ങളും ആരംഭിക്കുന്നതിനു സർവകലാശാലയ്ക്ക് അനുമതി നൽകാവുന്നതാണ്.'<br><br>ഇത് യു.ജി.സി. റെഗുലേഷന് അനുസൃതമാണ്. |
| (സി) | സിലബസ്, പരീക്ഷ നടത്തിപ്പ്, ഫലപ്രഖ്യാപനം, ബിരുദം നൽകൽ തുടങ്ങിയ അധികാരങ്ങൾ നൽകിയിട്ടുള്ള സ്വകാര്യ സർവകലാശാലകളുടെ പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ ഉണ്ടാകുന്ന പക്ഷം ആയത് പരിശോധിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ഏതു രീതിയിലുള്ള | (സി) | ഏതെങ്കിലും കാരണവശാൽ സർവകലാശാലയുടെ പ്രവർത്തനത്തിനായി ഈ ബില്ലിൽ നിഷ്കർഷിക്കപ്പെട്ട നിബന്ധനകൾ പാലിക്കപ്പെടുന്നില്ല എന്നുവന്നാൽ ഈ ബില്ലിലെ ഏത് വിഷയത്തിലും റൂൾസ് ഉണ്ടാക്കാനുള്ള സർക്കാരിന്റെ അധികാരം ഉപയോഗപ്പെടുത്തി ഇത്തരം ക്രമക്കേടുകൾ പരിഹരിക്കാൻ കഴിയും. ഇതിനു പുറമെ |

| | | | |
|---|---|---|---|
| | സംവിധാനമാണ് നിലവിലെ നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | | സർവകലാശാലയുടെ പ്രവർത്തനത്തിന്റെ വിവിധ ഘട്ടങ്ങളിൽ സർക്കാരിന് ഇടപെടാനും മുൻകൂട്ടി നിശ്ചയിച്ച നയങ്ങളിൽ നിന്ന് സർവകലാശാല വ്യതിചലിക്കുന്ന പക്ഷം അതിന്റെ അംഗീകാരം റദ്ദാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാനും സർക്കാരിനുള്ള അവകാശം ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ